REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 29-04-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **റഫാൽ മറൈൻ യുദ്ധവിമാനങ്ങൾ വാങ്ങുന്നതിന് സുപ്രധാന കരാറിൽ ഇന്ത്യയും ഫ്രാൻസും ഒപ്പുവെച്ചു.**
- **ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്ന് നടക്കുന്ന യുഗ്മ് കോൺക്ലേവിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും.**
- **മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ പ്രാദേശിക അടിസ്ഥാനത്തിൽ ഊർജ്ജിതമാക്കുന്നതിന് ജില്ലാതല നിയന്ത്രണ സമിതികൾ എല്ലാ മാസവും ചേരാൻ ഗവൺമെന്റ് ഉത്തരവിട്ടു.**
- **ലോക ദൃശ്യ ശ്രാവ്യ വിനോദ ഉച്ചകോടി വേവ്സ് 2025-ന് ഒരുങ്ങി മുംബൈ; പ്രദർശനം മറ്റന്നാൾ തുടങ്ങും.**
- **അന്തരിച്ച ചലച്ചിത്ര സംവിധായകനും ഛായാഗ്രാഹകനുമായ ഷാജി എൻ കരുണിന്റെ സംസ്കാരം ഇന്ന് വൈകിട്ട് തൈക്കാട് ശാന്തി കവാടത്തിൽ.**
- **IPL ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസിന് തകർപ്പൻ ജയം.**

## വാർത്തകൾ വിശദമായി

ഇന്ത്യയും ഫ്രാൻസും റഫാൽ പ്രതിരോധ ഇടപാടിൽ ഒപ്പുവെച്ചു. 26 റഫാൽ മറൈൻ യുദ്ധവിമാനങ്ങൾ വാങ്ങുന്നതിന് സുപ്രധാന കരാറിലാണ് ഇരു രാജ്യങ്ങളും ഒപ്പുവച്ചത്. ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗും ഫ്രാൻസിന്റെ സായുധ സേനാ മന്ത്രി സെബാസ്റ്റ്യൻ ലെകോർണുമാണ് കരാറിൽ ഒപ്പിട്ടത്.

ഡെസ്ക് റിപ്പോർട്ട്.

.....(വോയ്സ്)...........

ന്യൂഡൽഹിയിലെ നാവിക ആസ്ഥാനത്ത് നടന്ന ചടങ്ങിൽ പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിംഗിന്റെ സാന്നിധ്യത്തിൽ ഇരു രാജ്യങ്ങളിലെയും ഉദ്യോഗസ്ഥർ കരാറിന്റെ പകർപ്പുകളും, വിമാനങ്ങളുടെയും ആയുധങ്ങളുടെയും വിതരണ പ്രോട്ടോക്കോളുകളും കൈമാറി. 26 റഫാൽ മറൈൻ വിമാനങ്ങളിൽ 22 എണ്ണം സിംഗിൾ സീറ്റർ വിഭാഗത്തിലും നാലെണ്ണം ഡബിൾ സീറ്റർ വിഭാഗത്തിലുമായിരിക്കും. 2030 ഓടെ വിമാനങ്ങളുടെ ഡെലിവറി പൂർത്തിയാകും.

പരിശീലനം, സിമുലേറ്റർ, അനുബന്ധ ഉപകരണങ്ങൾ, ആയുധങ്ങൾ, പ്രകടനത്തെ അടിസ്ഥാനമാക്കിയുള്ള ലോജിസ്റ്റിക്സ് എന്നിവയെല്ലാം കരാറിൽ ഉൾപ്പെടുന്നു. തദ്ദേശീയ ആയുധങ്ങൾ സംയോജിപ്പിക്കുന്നതിന് സാങ്കേതികവിദ്യയുടെ കൈമാറ്റത്തിനും റഫേൽ വിമാനങ്ങളുടെ ഫ്യൂസലേജ് ഉത്പാദിപ്പിക്കുന്നതിന് സൗകര്യങ്ങൾ, എഞ്ചിൻ, സെൻസറുകൾ, ആയുധങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണികൾക്കായുള്ള സൗകര്യങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനും കരാർ സഹായകമാകും.

റഫാൽ മറൈൻ വിമാനങ്ങൾ വരുന്നതോടെ നാവികസേനയുടെ കരുത്ത് വർധിക്കുകയും ഐഎൻഎസ് വിക്രമാദിത്യ, ഐഎൻഎസ് വിക്രാന്ത് തുടങ്ങിയ വിമാനവാഹിനിക്കപ്പലുകളിൽ ഈ യുദ്ധവിമാനങ്ങൾ വിന്യസിക്കുകയും ചെയ്യും. അത്യാധുനിക ആയുധ സംവിധാനങ്ങളും മിസൈലുകളും റഫാലിൽ സജ്ജീകരിക്കും.

✪✪✪

ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്ന് നടക്കുന്ന യുഗ്മ് കോൺക്ലേവിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. ഗവൺമെന്റ്, അക്കാദമിക്, വ്യവസായ, നൂതനാശയ മേഖലയിലെ നേതാക്കളെ വിളിച്ചുകൂട്ടുന്ന ആദ്യത്തെ കോൺക്ലേവാണ് യുഗ്മ്.

രാജ്യത്തിന്റെ നവീകരണത്തിനായി വലിയ തോതിൽ സ്വകാര്യ നിക്ഷേപം ഉത്തേജിപ്പിക്കുക, അക്കാദമിക്-വ്യവസായ-ഗവൺമെന്റ് പങ്കാളിത്തം ശക്തിപ്പെടുത്തുക,വികസിത് ഭാരതിന്റെ ദർശനവുമായി പൊരുത്തപ്പെടുന്ന നവീകരണം ത്വരിതപ്പെടുത്തുക എന്നിവയാണ് കോൺക്ലേവിന്റെ ലക്ഷ്യം.

✪✪✪

മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ പ്രാദേശിക അടിസ്ഥാനത്തിൽ ഊർജ്ജിതമാക്കുന്നതിന് ജില്ലാതല നിയന്ത്രണ സമിതികൾ എല്ലാ മാസവും ചേരാൻ ഗവൺമെന്റ് ഉത്തരവിട്ടു. മുഖ്യമന്ത്രിയുടെ നിർദേശപ്രകാരമാണ് നടപടി. പ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും നടപ്പാക്കുന്നതിലും വിവിധ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും പങ്കാളിത്തം ജില്ലാതല നിയന്ത്രണ സമിതികൾ ഉറപ്പുവരുത്തും.

മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണ രംഗത്ത് ക്രിയാത്മക ഇടപെടലുകൾ സാധ്യമാവുന്ന നിർണായക ഉത്തരവാണിതെന്ന് മന്ത്രി A.K ശശീന്ദ്രൻ പറഞ്ഞു. ഇക്കാര്യത്തിൽ എല്ലാ ജില്ലാതല ഉദ്യോഗസ്ഥരുടെയും വിവിധ വകുപ്പുകളുടെയും സംഭാവനയും പിന്തുണയും ഭാവിയിൽ ഉറപ്പാക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

രാജ്യത്ത് ആധാർ ഓഥന്റിക്കേഷൻ ഇടപാടുകൾ 2,707 കോടി കവിഞ്ഞതായി കേന്ദ്ര ഇലക്ട്രോണിക്സ്, ഐ ടി മന്ത്രാലയം അറിയിച്ചു. യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യയുടെ ഓഥന്റിക്കേഷൻ സേവനങ്ങൾ സ്വീകരിക്കുന്നവരുടെ എണ്ണം ഗണ്യമായി വർധിച്ചതായി മന്ത്രാലയം വ്യക്തമാക്കി.

കഴിഞ്ഞ മാർച്ചിൽ മാത്രം 44.63 കോടി E-KYC ഇടപാടുകൾ നടന്നതായും മന്ത്രാലയം അറിയിച്ചു.

✪✪✪

തീവ്ര പാകിസ്ഥാനി സാമൂഹിക മാധ്യമ അക്കൗണ്ടുകൾ പ്രചരിപ്പിക്കുന്ന സൈനിക രേഖകൾ വ്യാജമാണെന്ന് കേന്ദ്ര ഗവൺമെന്റ് അറിയിച്ചു. ഇന്ത്യൻ സൈന്യത്തിന്റെ തയ്യാറെടുപ്പുകളുമായി ബന്ധപ്പെട്ട രഹസ്യ രേഖകൾ ചോർന്നുവെന്ന പ്രചാരണം തെറ്റായ അവകാശവാദമാണെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോ വ്യക്തമാക്കി.

അടിസ്ഥാനരഹിതമായ വിവരങ്ങൾ പങ്കുവെക്കുന്നത് ഒഴിവാക്കണമെന്നും കൃത്യമായ വിവരങ്ങൾക്ക് ഔദ്യോഗിക സ്രോതസ്സുകളെ മാത്രം ആശ്രയിക്കണമെന്നും ഗവൺമെന്റ് ജനങ്ങളോട് അഭ്യർത്ഥിച്ചു. പരിശോധിക്കാത്ത വിവരങ്ങൾ പ്രചരിപ്പിക്കുന്നത് രാജ്യസുരക്ഷയെ ബാധിക്കുമെന്നും ഗവൺമെന്റ് മുന്നറിയിപ്പ് നൽകി.

✪✪✪

ലോക ദൃശ്യ ശ്രാവ്യ വിനോദ ഉച്ചകോടി വേവ്സ് 2025ന് മുംബൈയിൽ ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു. മാധ്യമം, വിനോദം, സാങ്കേതികവിദ്യ മേഖലകളിലെ ആഗോള പ്രദർശനം മറ്റന്നാൾ തുടങ്ങും. മുംബൈയിലെ ജിയോ കൺവെൻഷൻ സെന്ററിൽ 15,000 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ ഒരുക്കിയ വേദിയിലാണ് പ്രദർശനം നടക്കുക.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ...

....(വോയ്സ്).......

വിനോദ മേഖലയിലെ നൂതനാശയം, സർഗ്ഗാത്മകത, സീമാതീതമായ സഹകരണം എന്നിവയുടെ സംഗമമായിരിക്കും വേവ്സ് ഉച്ചകോടി. വ്യവസായ ഭീമന്മാർ, ഉള്ളടക്ക സ്രഷ്ടാക്കൾ, നിക്ഷേപകർ, അത്യാധുനിക സാങ്കേതിക വിദ്യാ വിദഗ്ധർ തുടങ്ങിയവർ ഉച്ചകോടിയിൽ പങ്കെടുക്കും.

നെറ്റ്ഫ്ലിക്സ്, ആമസോൺ, ഗൂഗിൾ, മെറ്റാ, സോണി, റിലയൻസ്, തുടങ്ങി 100-ലധികം പ്രമുഖ പ്രദർശകർ പരിപാടിയുടെ ഭാഗമാകും.

"കല ടു കോഡ്" എന്ന പ്രമേയത്തിൽ ഇന്ത്യ ഒരുക്കുന്ന, 1,470 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ തയ്യാറാക്കിയ 'ഭാരത് പവലിയൻ' പ്രദർശനത്തിൽ പ്രത്യേക ശ്രദ്ധ നേടും. ഇതിന് പുറമേ, വിവിധ സംസ്ഥാനങ്ങളുടെ പവലിയനുകളും പ്രദർശനത്തിലുണ്ടാകും.

ഉച്ചകോടിയിൽ എല്ലാ ദിവസവും ബിസിനസ് ദിനങ്ങളായിരിക്കും. മെയ് 3,4 തീയതികളിൽ പൊതുജനങ്ങൾക്ക് പങ്കെടുക്കാം .

✪✪✪

ഒരു ദിവസത്തെ സന്ദർശനത്തിനായി കേന്ദ്ര സഹ മന്ത്രി ഡോ. എൽ മുരുകൻ ഇന്ന് കൊച്ചിയിലെത്തും. കൊച്ചി YMCA ഹാളിൽ നടക്കുന്ന ഡോ. B.R അംബേദ്കർ അനുസ്മരണ ചടങ്ങിൽ പങ്കെടുക്കുന്ന അദ്ദേഹം രാത്രി ഡൽഹിയ്ക്ക് മടങ്ങും.

✪✪✪

രണ്ടാം പിണറായി വിജയൻ ഗവൺമെന്റിന്റെ നാലാം വാർഷികത്തോടനുബന്ധിച്ച 'എന്റെ കേരളം' പ്രദർശന-വിപണനമേള ഇന്ന് ഇടുക്കി വാഴത്തോപ്പ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ മൈതാനിയിൽ ആരംഭിക്കും. മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്യും. മെയ് അഞ്ചു വരെയാണ് മേള.

ഇതിന് മുന്നോടിയായി ചെറുതോണിയിൽ രാവിലെ വിളംബര ഘോഷയാത്ര നടക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രാരിച്ചൻ നീറണാകുന്നേൽ റാലി ഫ്ലാഗ് ഓഫ് ചെയ്യും.

✪✪✪

കാലം ചെയ്ത ഫ്രാൻസിസ് മാർപാപ്പയുടെ പിൻഗാമിയെ തിരഞ്ഞെടുക്കുന്നതിന് രഹസ്യ കോൺക്ലേവ് അടുത്ത മാസം 7 ന് ആരംഭിക്കുമെന്ന് വത്തിക്കാൻ പ്രഖ്യാപിച്ചു. വത്തിക്കാനി ൽ ഇന്നലെ ചേർന്ന കർദിനാൾമാരുടെ യോഗമാണ് ഇത് സംബന്ധിച്ച തീരുമാനമെടുത്തത്.

സിസ്റ്റൈൻ ചാപ്പലിൽ നടക്കുന്ന രഹസ്യ വോട്ടെടുപ്പിലൂടെയാണ് പുതിയ പോപ്പിനെ തിരഞ്ഞെടുക്കുക. ഇന്ത്യയിൽ നിന്ന് നാല് കർദിനാൾമാർക്ക് തിരഞ്ഞെടുപ്പിൽ വോട്ടവകാശമുണ്ട്.

✪✪✪

അന്തരിച്ച ചലച്ചിത്ര സംവിധായകനും ഛായാഗ്രാഹകനുമായ ഷാജി എൻ കരുണിന്റെ സംസ്കാരം വൈകിട്ട് അഞ്ചിന് ഔദ്യോഗിക ബഹുമതികളോടെ തൈക്കാട് ശാന്തി കവാടത്തിൽ നടത്തും. ഇന്നലെ വൈകിട്ട് തിരുവനന്തപുരത്തായിരുന്നു 73 കാരനായ അദ്ദേഹത്തിന്റെ അന്ത്യം.

ഷാജി N കരുണിന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. മലയാള സിനിമയുടെ മുഖമായിരുന്ന അതുല്യ ചലച്ചിത്രകാരനെയാണ് ഷാജി N കരുണിന്റെ വിയോഗത്തോടെ നഷ്ടമായതെന്ന് മുഖ്യമന്ത്രി അനുശോചന സന്ദേശത്തിൽ പറഞ്ഞു.

മന്ത്രി ഡോ. R ബിന്ദുവും, സ്പീക്കർ AN ഷംസീറും ഷാജി N കരുണിന്റെ നിര്യാണത്തിൽ അനുശോചിച്ചു.

ഷാജി എൻ കരുൺ ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും മലയാള സിനിമയെ തന്റേതായ ശൈലിയിൽ അടയാളപ്പെടുത്തിയ അതുല്യ പ്രതിഭയായിരുന്നുവെന്ന് സ്പീക്കർ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

✪✪✪

സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിന് കാലിക്കറ്റ് എമ്പാർക്കേഷൻ പോയിന്റിൽ നിന്നും യാത്രയാകുന്ന തീർത്ഥാടകരുടെ യാത്ര സൗകര്യങ്ങളും മുന്നൊരുക്കങ്ങളും ചർച്ച ചെയ്യുന്നതിന് പ്രാഥമിക യോഗം കരിപ്പൂരിൽ നടന്നു. 31വിമാനങ്ങളിലായി 5,361 തീർത്ഥാടകാരാണ് കരിപ്പൂർ വഴി യാത്ര പുറപ്പെടുന്നത്. ആദ്യവിമാനം

അടുത്ത മാസം പത്തിന് പുലർച്ചെ 1.20ന് പുറപ്പെടും. മെയ് 22നാണ് അവസാന വിമാനം.

✪✪✪

ലെവൽക്രോസ് ഇല്ലാത്ത കേരളമാണ് ഗവൺമെന്റിന്റെ സ്വപ്ന പദ്ധതിയെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. വടകര നാദാപുരം റോഡ് റെയിൽവേ അടിപ്പാത ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. 2025 ഡിസംബറോടെ ദേശീയപാത വികസനം പൂർത്തീകരിക്കാൻ സാധിക്കുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

IPL ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസിന് തകർപ്പൻ ജയം. ജയ്പൂരിൽ, ഗുജറാത്ത് ടൈറ്റൻസിനെ 8 വിക്കറ്റിനാണ് അവർ പരാജയപ്പെടുത്തിയത്.

ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. ന്യൂഡൽഹിയിൽ വൈകീട്ട് 7.30 നാണ് മത്സരം.

✪✪✪

വനിതാ ത്രിരാഷ്ട്ര ക്രിക്കറ്റ് പരമ്പരയിൽ ഇന്ത്യ ഇന്ന് ദക്ഷിണാഫ്രിക്കയെ നേരിടും. കൊളംബോയിലെ ആർ പ്രേമദാസ സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം രാവിലെ 10 മണിക്കാണ് മത്സരം.

✪✪✪

ഏഷ്യൻ ബേസ്ബോൾ ചാമ്പ്യൻഷിപ്പിന്റെ യോഗ്യതാ മത്സരത്തിൽ ബാങ്കോക്കിൽ ഇന്ത്യൻ വനിതാ ടീം തായ്‌ലൻഡിനെ പരാജയപ്പെടുത്തി.

ഇന്ന് ഫൈനൽ മത്സരത്തിൽ ഇന്ത്യ, ഇന്തോനേഷ്യയെയും, വെങ്കല മെഡലിനായി തായ്‌ലൻഡ്, പാകിസ്ഥാനെയും നേരിടും. ഏഷ്യൻ ബേസ്ബോൾ കപ്പിൽ ഇന്ത്യയുടെ തുടർച്ചയായ നാലാം മത്സരമാണിത്.

✪✪✪

വികസനത്തിന്റെ രാഷ്ട്രീയമാണ് BJP മുന്നോട്ട് വെയ്ക്കുന്നതെന്ന് പാർട്ടി സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. ബാലുശ്ശേരിൽ BJP കോഴിക്കോട് റൂറൽ ജില്ലാ വികസിത കേരളം കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

'ജനങ്ങളുടെ പ്രയാസങ്ങൾ പരിഹരിക്കുകയും യുവാക്കളുടെ സ്വപ്നങ്ങൾ യാഥാർഥ്യമാക്കുകയുമാണ് വികസിത കേരളത്തിലൂടെ BJP ലക്ഷ്യമിടുന്നതെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

✪✪✪

കേരള നിയമസഭ, ഹർജികൾ സംബന്ധിച്ച സമിതി അടുത്ത മാസം ആറിന് രാവിലെ കാസർകോട് ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും. കാസർകോട് ജില്ലയിൽ നിന്ന് സമിതിക്ക് ലഭിച്ച ഹർജികളുമായി ബന്ധപ്പെട്ട് ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തും. സമിതി മുമ്പാകെ പുതിയ പരാതികളും നിർദ്ദേശങ്ങളും നൽകാൻ താൽപര്യമുള്ള വ്യക്തികൾക്കും സംഘടനകൾക്കും നാളെ വരെ പരാതികളും നിർദ്ദേശങ്ങളും സമർപ്പിക്കാം.

ലഭ്യമാകുന്ന പരാതികളും നിർദ്ദേശങ്ങളും സംബന്ധിച്ച വിവരങ്ങൾ മെയ് ആറിന് സമിതി മുമ്പാകെ അവതരിപ്പിക്കാം.

✪✪✪

കൊയിലാണ്ടി സബ് ട്രഷറിക്കായി നിർമിക്കുന്ന പുതിയ കെട്ടിടത്തിന് ഇന്ന് ഉച്ചയ്ക്ക് രണ്ടിന് മന്ത്രി KN ബാലഗോപാൽ ശിലാസ്ഥാപനം നടത്തും. ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് കോടി രൂപ ചെലവഴിച്ചാണ് കെട്ടിടം നിർമിക്കുന്നത്.

✪✪✪

ചട്ടമ്പിസ്വാമികളുടെ 101-ാമത് മഹാസമാധി വാർഷികം ഇന്ന്. വാർഷികാചരണത്തിന്റെ ഭാഗമായി സമാധിസ്ഥലമായ കൊല്ലം ചവറ പന്മന ആശ്രമത്തിൽ വിവിധ പരിപാടികൾ നടക്കും.

മഹാസമാധി സമ്മേളനം മഹാമണ്ഡലേശ്വർ ശ്രീമദ് ആനന്ദവനം ഭാരതി സ്വാമികൾ ഉദ്ഘാടനം ചെയ്യും.

✪✪✪

SSF സ്ഥാപക ദിനമായ ഇന്ന് സംസ്ഥാനത്തെ 125 ഡിവിഷൻ കേന്ദ്രങ്ങളിൽ സമ്മേളനവും വിദ്യാർഥി റാലിയും നടക്കും. വിദ്യാർഥികളിലെ നന്മയെയും ശരികളെയും ഉയർത്തിക്കാണിക്കുന്ന തരത്തിൽ 'സെലിബ്രേറ്റിംഗ് ഹ്യുമാനിറ്റി, ശരികളുടെ ആഘോഷം' എന്ന പ്രമേയത്തിൽ നടക്കുന്ന ലഹരി വിരുദ്ധ ക്യാമ്പയിനിന്റെ ഭാഗമായാണ് സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നത്.

✪✪✪

കണ്ണൂരിലെ പ്രമുഖ നാടൻപാട്ട് കലാകാരി നാണി കുന്നോത്ത് പറമ്പ് നിര്യാതയായി. 78 വയസ്സായിരുന്നു.

ആകാശവാണിയിൽ നാടൻപാട്ട് കലാകാരിയാണ്. സംസ്കാരം ഇന്ന് രാവിലെ കുന്നോത്ത് പറമ്പിലെ വീട്ടുവളപ്പിൽ നടക്കും.

✪✪✪

നീലക്കുറിഞ്ഞി ജൈവവൈവിധ്യ പഠനോത്സവം 2025 ന്റെ ഭാഗമായി കാസർകോട് ജില്ലാതല പഠനോത്സവം ഇന്ന് കാഞ്ഞങ്ങാട് ദുർഗ ഹയർ സെക്കൻഡറി സ്കൂളിൽ നടക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബേബി ബാലകൃഷ്ണൻ പരിപാടി ഉദ്ഘാടനം ചെയ്യും.

✪✪✪

---

*News Editor: പി ചന്ദ്രബാബു*
*News Reader: സയ്യിദ് അലി ശിഹാബ്*
*News Team: സബിത കെ*
*DEO : ഷീബ*